LIBRARY ARCHIVES Kerala Legislative Assembly

ഉപാധിരഹിത പട്ടയങ്ങൾ

114(1180) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ഉപാധി രഹിത പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം നൽകാമോ;

(ബി) പ്രസ്തുത പട്ടയങ്ങളിലെ ഉപാധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഈ പട്ടയങ്ങൾ എന്നു മുതലാണ് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ നിലവിലുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള ഏത് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണോ പട്ടയം നൽകിയിട്ടുള്ളത്, പ്രസ്തുത ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കാൻ പട്ടാദാർ ബാധ്യസ്ഥനാണ്. പഞ്ചായത്ത് പ്രദേശത്ത് പതിച്ച് നൽകുന്ന കൈവശഭൂമികൾ അന്യാധീനപ്പെടുത്തുന്നതിനുള്ള നിയന്ത്രണം നീക്കിക്കൊണ്ട് ജി.ഒ. (പി) 425/2014/ആർ.ഡി. തീയതി 30-9-2014 പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 24-12-2013 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ഭേദഗതി ഉത്തരവായ തീയതി മുതൽ നൽകിയ പട്ടയങ്ങൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥ ബാധകമാണ്. പ്രസ്തുത ഭേദഗതികൾക്കനുസൃതമായി പട്ടയഫാറത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഫോറങ്ങളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

പട്ടയ ലഭ്യത

115(1181) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണപാറയിലെയും നിവാസികൾക്ക് പട്ടയം നൽകുന്നതിനായി

പ്രസ്തുത പ്രദേശം ഹിൽടാക്കു് പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണു്; റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടാക്കുായി ഉൾപ്പെടുത്തേണ്ട തുണ്ടോയെന്നും വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടാക്കു് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ 6-2-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടറിൽനിന്നും 21-1-2016-നാണ് ലഭിച്ചതെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറിൽനിന്നും റിപ്പോർട്ട് 10-2-2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

പട്ടയ വിതരണം

116(1182) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പുതിയതായി പട്ടയം നൽകിയിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പേർക്ക് നൽകാനുള്ള പട്ടയങ്ങൾ ഇപ്പോൾ തയ്യാറായിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര, തിരുവനന്തപുരം താലൂക്കുകളിൽ തയ്യാറായിരിക്കുന്ന പട്ടയങ്ങൾ അപേക്ഷകർക്ക് നല്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly